**"ഭരണഭാഷ - മാതൃഭാഷ"**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : കുഞ്ഞിമമ്മു പറവത്ത്, എം. ടെക്., എം. ബി. എ )

ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/75/2021-ബി1 തീയതി-05-07-2024

വിഷയം: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - എസ്.എൽ. ആർ ജീവനക്കാരനെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 09/07/1986 ലെ ജി.ഒ (എം.എസ്) 51/86/മ.ഇ.വ നമ്പർ സർക്കാർ ഉത്തരവ്.
2. ജി.ഒ (എം.എസ്) നം.2/2007/മ.ഇ.വ തീയതി. 31/01/2007.
3. 03/07/2018 ലെ 221/ഡി2/18/മ.ഇ.വ നമ്പർ സർക്കാർ കത്ത്.
4. സ.ഉ. (സാധാ) നം. 534/2021/മ.ഇ.വ തീയതി 18/10/2021.
5. ഈ കാര്യാലയത്തിലെ ഇതേ നമ്പരായ 02/11/2021 ലെ ഉത്തരവ്.
6. ഒ.എ നം. 2233/21 കേസിന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13/09/2023 ലെ വിധി.
7. മത്സ്യബന്ധന തുറമുഖ (എ) വകുപ്പിന്റെ 04/07/2024 ലെ സ.ഉ.(കൈ) നം. 14/2024/മ.ഇ.വ നമ്പർ ഉത്തരവ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്ത് നിയമിക്കുന്നതിനായി ആറ് സൂപ്പർ ന്യൂമററി തസ്തികകൾ ഒന്നാം പരാമർശത്തിലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. 19/03/1985 അടിസ്ഥാന തീയതിയായി തയ്യാറാക്കിയ സി.എൽ.ആർ - ലിസ്റ്റിൽ നിന്നും എസ്.എൽ.ആർ ആയി നിയമനം ലഭിച്ചവരെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്യുന്നതുവരെ ടി തസ്തികകൾ നിലനിർത്തുവാനും സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചു.

പരാമർശം (3) സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 31/03/2017 അടിസ്ഥാനമാക്കിയുള്ള എസ്.എൽ.ആർ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും റഗുലർ എസ്റ്റാബ്ലിഷ്മെന്റിലെ ടി തസ്തികകളിലേയ്ക്ക് ജീവനക്കാരെ ആഗിരണം ചെയ്തിരുന്നു. ഇപ്രകാരം നിലവിൽ വന്ന ലിസ്റ്റിലെ അർഹതയുള്ള ആളുകളിൽ എട്ടാം സ്ഥാനക്കാരൻ ശ്രീ. ജി. ശിവൻകുട്ടിനായർ എന്നയാളാണ്. ടി ലിസ്റ്റിലെ ഏഴാം സ്ഥാനക്കാരനായ ശ്രീ. അംബരൻ വരെയുള്ളവരെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്തിട്ടുണ്ട്. എന്നാൽ സൂപ്പർന്യൂമററി തസ്തികയിലേയ്ക്ക് ഇപ്രകാരം നിയമനം നടത്തുന്നത് ക്രമപ്രകാരമല്ലായെന്ന ധനവകുപ്പിന്റെ പരാമർശത്തെയും പരാമർശം (4) സർക്കാർ ഉത്തരവിനെയും തുടർന്ന് ശ്രീ. ജി. ശിവൻകുട്ടി നായർക്ക് റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്യപ്പെടാൻ അർഹത ഇല്ലായെന്ന് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

ഇതുസംബന്ധിച്ച് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാമർശം (6) പ്രകാരം സമർപ്പിച്ച കേസിലെ വിധി നടപ്പാക്കിക്കൊണ്ട്, ടിയാനെ സ്ഥിരം തസ്തികയിൽ ഒഴിവുവന്ന തീയതിമുതൽ റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്യുന്നതിന് പരാമർശം (7) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

എസ്.എൽ.ആർ തസ്തികയിൽ നിന്നും ലാസ്കർ തസ്തികയിലേക്ക് നിയമിതനായ ശ്രീ. അംബരൻ 11/08/2020 ൽ മരണപ്പെട്ടതിനെ തുടർന്നാണ് ടി തസ്തികയിൽ ഒഴിവ് വന്നത്. ആയതിനാൽ പരാമർശം (7) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം സബ് ഡിവിഷനിലെ എസ്.എൽ.ആർ ശ്രീ. ജി. ശിവൻകുട്ടിനായരെ 12/08/2020 മുതൽ റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ആഗിരണം ചെയ്ത് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലാസ്കർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ. ജി. ശിവൻകുട്ടിനായർ ലാസ്കർ തസ്തികയിൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കുന്നതാണ്.

Signed by Kunhimammu Paravath
Date: 05-07-2024 17:33:07
ചീഫ് എഞ്ചിനീയർ (i/c)

സ്വീകർത്താവ്

ശ്രീ. ജി. ശിവൻകുട്ടി നായർ (ഓഫീസ് മേധവി മുഖേന)

പകർപ്പ് : 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം / തിരുവനന്തപുരം.

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എൻജിനീയറിംഗ് സബ്ഡിവിഷൻ, വിഴിഞ്ഞം

4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

5. ബി3 / എ6 സെക്ഷനുകൾക്ക് / വെബ് സൈറ്റ് / സ്റ്റോക്ക് ഫയലിലേയ്ക്ക്.

*ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാനുവൽ ഒപ്പ് ആവശ്യമില്ല*

17/2/11 C39 WB